ഏകലോകം

അറിവും അനുഭവവും

**ദേശീയത്വത്തേയും അന്തർദ്ദേശീയത്വത്തേയും അതിലംഘിച്ച് ഉയർന്നുവരുന്ന മനുഷ്യാഭിലാഷങ്ങൾക്ക് പ്രോത്സാഹനകരമാകണം അഭ്യസ്തവിദ്യരായ ആദർശശാലികളുടെ ചിന്താഗതി എന്ന്**

**വി.ടി. ഭട്ടതിരിപ്പാട്**

# എന്റെ രാഷ്ട്രസങ്കല്പം

**രാഷ്ട്രം** എന്നു പറയുമ്പോൾ ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ കാരണങ്ങളാൽ വേർതിരിക്കപ്പെട്ട ജനതയുടെ ഭാഗധേയത്തെ കാത്തുപോരുന്ന ഭരണസമ്പ്രദായം എന്നായിരിക്കും നമ്മുടെ സങ്കൽപം – മാഞ്ഞുപോയ നമ്മുടെ നാട്ടുരാജ്യങ്ങളെപ്പറ്റി ഓർക്കുമ്പോൾ പ്രത്യേകിച്ചും.

അടുത്തകാലത്ത് ഈ ഉരുണ്ട ഭൂഗോളത്തിൽ അനേകം സ്വതന്ത്രരാഷ്ട്രങ്ങൾ ഉയിർത്തെഴുന്നേൽക്കുകയുണ്ടായി. ഉയിർക്കൊള്ളാൻ കാത്തുനിൽക്കുന്നവ വേറെയുണ്ടുതാനും. ജനസംഖ്യയുടെ കണക്കിൽ രാഷ്ട്രങ്ങൾ ചെറുതും വലുതുമായി കണക്കാക്കപ്പെട്ടേക്കാം. എങ്കിലും ഓരോ രാഷ്ട്രത്തിനും വേണം അതിന്റേതായ അന്തസ്സും ആഭിജാത്യവും. ദേശീയപതാക, പാർലമെന്റ്, പട്ടാളം, വിദേശനയം, രാജ്യരക്ഷ, പ്രതിപുരുഷാലയം, നാണയമൂല്യനിർണ്ണയം ഇങ്ങനെ ദേശീയത്വത്തിന്മേൽ അധിഷ്ഠിതമായ പലതും. എല്ലാറ്റിനും പുറമെ ഒരണ്വായുധക്കലവറ കരസ്ഥമാക്കാനുള്ള ബദ്ധപ്പാടിനെപ്പറ്റിയും വിസ്മരിക്കാവതല്ല.

കൊച്ചുകൊച്ചു രാഷ്ട്രങ്ങൾ ഇങ്ങനെ ആയുധസജ്ജീകരണങ്ങളാൽ അണിഞ്ഞൊരുങ്ങി ഭൂമുഖത്തു ചുരമാന്തിനിൽക്കുന്നതെന്തിനാണ്? മൂന്നാം ലോകമഹായുദ്ധത്തിന്റെ യവനിക ഉയരുമ്പോൾ പടനിലത്തു മരിച്ചുവീഴുന്ന സ്വന്തം ജനതയുടെ അധീശത്വം പ്രശംസിക്കപ്പെടാൻ?

മനുഷ്യന് പ്രകൃത്യാ മരണം ദുസ്സഹമാണ്. അതുനീട്ടിക്കൊണ്ടു പോകാൻ സ്വാഭാവികമായി അവൻ യത്നിക്കുകയും ചെയ്യുന്നു. എന്നാൽ മറ്റെല്ലാ മാർഗ്ഗങ്ങളും തന്റെ മുമ്പിൽ കൊട്ടിയടയ്ക്കപ്പെടുമ്പോൾ താൻ പുലർത്തിപ്പോരുന്ന മൂല്യത്തിനുവേണ്ടി മരണത്തെ സ്വാഗതം ചെയ്യേണ്ടിവരുന്ന സന്ദർഭങ്ങൾ ഉണ്ടാകാം. യേശുമിശിഹായുടെ കുരിശാരോഹണം മുതൽ ചരിത്രം രേഖപ്പെടുത്തിപ്പോന്ന ആത്മാർപ്പണങ്ങളുടെ അനേകം ഉദാഹരണങ്ങൾ ഇതിലേക്ക് എടുത്തുദ്ധരിക്കാനുണ്ട്. ആശയസംഘട്ടനങ്ങൾക്കിടയിൽ നടക്കുന്ന ഈ വെറും കൊലപാതകങ്ങൾ അപഹാസ്യങ്ങളാണ്. പക്ഷേ, ഈ ആസുരമായ ആന്ധ്യം ഒരു സാംസ്കാരിക നവോത്ഥാനത്തിന്റെ ദീപശിഖയിൽ നിർമ്മാർജ്ജനം ചെയ്യപ്പെടേണ്ടതാണ്.

ജന്മവാസനയിൽ ജനത യുദ്ധം ഇഷ്ടപ്പെടുന്നില്ല. ലോകാധിപത്യത്തിനു വെമ്പുന്ന രാഷ്ട്രങ്ങൾ ജനതയെ യുദ്ധ ഭൂമിയിലേക്കു നയിക്കുകയാണ്. ജനത അതിനു വ

ഴിപ്പെടേണ്ടിവരുന്നു. അങ്ങനെ യുദ്ധം ഒരു രാഷ്ട്രത്തിന്റെ തത്ത്വശാസ്ത്രമായി മാറുന്നു.

മതാധിപത്യത്തിനും രാജാധിപത്യത്തിനും വേണ്ടി ചരിത്രം പിന്നിട്ടു കഴിഞ്ഞ യുദ്ധപരീക്ഷണങ്ങൾ ഇനിയും ആവർത്തിക്കേണ്ടിവരുന്നതു സാഹസമാണ്. ഈ യുദ്ധക്കൊതി വളർത്തിപ്പോരുന്നതു ജനാധിപത്യപ്രസ്ഥാനത്തിന്റെ നേർക്ക് ഉന്നയിക്കുന്ന വെല്ലുവിളിയാണ്. രാജ്യതന്ത്രജ്ഞന്മാർ സൈന്യാധിപന്മാർ, വിദ്യാഭ്യാസ വിദഗ്ധന്മാർ, കക്ഷിരാഷ്ട്രീയക്കാർ ഇങ്ങനെ ജനതയ്ക്കിടയിൽ പൊന്തിവരുന്ന തൽപ്പരകക്ഷികൾ മാരകായുധ വ്യാപാരികളുടെ ഏജന്റുമാരായി മാറുമ്പോൾ യുദ്ധം അനിവാര്യമായിത്തീരുന്നു. രാജ്യത്തിന്റെ വിഭവ സമൃദ്ധിയും ജനതയുടെ സർഗ്ഗാത്മകചൈതന്യവും സമരമുഖത്തേക്കു തിരിച്ചുവിടുക എന്ന ദുഷ്പ്രവണതയ്ക്കൊരറുതി വരണമെന്നാണ് ഉദ്ബുദ്ധജനത ഇന്നഭിലഷിക്കുന്നത്. പാർലമെന്ററി ജനാധിപത്യം, സോഷ്യലിസം, മതേതരത്വം ചേരിചേരാനയം ഇതെല്ലാം ഈ ആശയത്തിൽനിന്നും നിർഗ്ഗളിക്കുന്ന മുദ്രവാക്യങ്ങളാണ്. വിദൂര ഭാവിയിൽ സാക്ഷാത്കരിക്കപ്പെടുമെന്നാശിക്കുന്ന വെറും സങ്കൽപങ്ങൾ മാത്രം. വ്യക്തിത്വത്തിന്റെ പ്രകാശനത്തിന് അനുയോജ്യമായ അവസരവും സ്വാതന്ത്ര്യവും അനുവദിക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥിതി രൂപപ്പെടുത്തുക എന്നതാണ് ജനാധിപത്യത്തിന്റെ മൗലിക ലക്ഷ്യം. പരിഷ്കൃത ജനത മുഖവിലയ്ക്കെടുത്തിട്ടുള്ള ഇന്നത്തെ പാർലമെന്ററി ഭരണ സമ്പ്രദായം ഈ ആശയത്തിന്റെ ഒരാരംഭം മാത്രമാണ്.

മറ്റുള്ളവരുടെ ഔദാര്യത്തിൽ പാർപ്പുറപ്പിക്കുവാൻ വന്ന ഒരഭയാർത്ഥിക്ക് പുരയിടത്തിന്റെ ശിൽപ്പഭംഗിയെപ്പറ്റി ആവേശംകൊള്ളാൻ സാദ്ധ്യമല്ല. കൈവന്ന സൗകര്യം ഉപയോഗിച്ച് ഒതുങ്ങി ജീവിക്കുന്നതിലായിരിക്കും അയാളുടെ ജാഗ്രത. വോട്ടവകാശമുള്ള പൗരാവലി പാർലമെന്ററി ജനാധിപത്യവ്യവസ്ഥയുടെ കുത്തകമുതലാളികളായ കക്ഷിരാഷ്ട്രീയത്തിന്റെ അഭയാർത്ഥികളായിത്തീരുന്നു. ഭക്ഷണം, വിദ്യാഭ്യാസം തുടങ്ങിയ ദൈനംദിന കുടുംബ കാര്യങ്ങളെപ്പറ്റി ക്ലേശിക്കുക എന്നല്ലാതെ സാമൂഹ്യപരിവർത്തനത്തേയോ രാഷ്ട്രീയനവോത്ഥാനത്തേയോ രാഷ്ട്ര സങ്കൽപ്പത്തേയോ മുൻനിർത്തി ആവേശംകൊള്ളാൻ അവർക്കു പ്രചോദനം കിട്ടുന്നില്ല. എന്നല്ല, തങ്ങളുടെ പ്രയത്നഫലം ചൂഷണം ചെയ്യപ്പെടുന്നതിലുള്ള നിസ്സഹായതയും പുലർത്തിപ്പോരുന്നുണ്ടാവും. അപ്പോൾ, അമ്പത്തൊന്നു ശതമാനം വോട്ടുകിട്ടിയ ഭരണ കക്ഷിക്ക് പ്രതിപക്ഷത്തിൽപ്പെട്ട നാൽപത്തൊമ്പതു ശതമാനത്തെ അവഗണിക്കാം. വേണമെങ്കിൽ തേജോവധം ചെയ്യാം. 'ഭൂരിപക്ഷ ഭൂരസുഖ' മെന്ന പഴഞ്ചൻ ചിന്താഗതിയുടെ ഇഴഞ്ഞിഴഞ്ഞു നീങ്ങുന്ന ഇന്നത്തെ രാജ്യതന്ത്രം ഫലത്തിൽ ജനാധിപത്യമല്ല. സമഗ്രാധിപത്യമാണ്. ജനനേതാക്കൾക്കിടയിൽ വേരൂന്നിവന്നിട്ടുള്ള അതിരുകടന്ന ദേശീയാവേശമല്ലേ ജനാധിപത്യത്തിന്റെ പ്രതിബന്ധം എന്നു സംശയിക്കുന്നു.

**സ്വന്തം താൽപര്യത്തിന്റെ പേരിൽ പരസ്പരം സഹകരിക്കുവാൻ ഇടുങ്ങിയ ദേശീയാവേശം അനുവദിക്കപ്പെടുകയില്ല. ഇങ്ങനെ മാനവസമുദായത്തെ മുഴുവൻ ഏതെങ്കിലുമൊരു ദേശീയത്വത്തിന്റെ കീഴിൽ അമർത്തിനിർത്തുക എന്നത് ഈ അണുയുഗത്തിൽ അത്ഭുതകരമായി തോന്നുന്നു**

അടിമത്തത്തിൽനിന്നും ദേശീയത്വത്തിലേക്കുള്ള വികാസം വ്യക്തിയെ സംബന്ധിച്ചിടത്തോളം അഭികാമ്യമാണ്; സംശയമില്ല. പക്ഷേ, പരോളിൽ വിട്ട ജയിൽപ്പുള്ളിയെപ്പോലെ അവന്റെ വ്യക്തിസ്വാതന്ത്ര്യം ഭാഗികമായി മാത്രമേ ആസ്വദിക്കപ്പെടുകയുള്ളു. കാരണം, വോട്ടവകാശമുള്ള ഏതു പൗരന്റെയും മേൽ രാഷ്ട്രത്തിന് ഒരധീശാവകാശമുണ്ട്. അവന്റെ മേധാബലം, ക്രിയാശക്തി, കലാമൂല്യം, അഭിരുചി ഇങ്ങനെ വ്യക്തിത്വത്തിന്റേതായ എല്ലാം രാഷ്ട്രത്തിന്റെ സമ്പത്താണ്. അവന്റെ നിർമ്മാണങ്ങൾ വിലയിരുത്തുന്നതും, നിയന്ത്രണം ചെലുത്തുന്നതും രാഷ്ട്രമാണ്. ഓരോ ജനതയും രാഷ്ട്രത്തിന്റേതായ നിയമാവലിക്കു വിധേയമാവണം. സ്വന്തം താൽപര്യത്തിന്റെ പേരിൽ പരസ്പരം സഹകരിക്കുവാൻ ഇടുങ്ങിയ ദേശീയാവേശം അനുവദിക്കപ്പെടുകയില്ല. ഇങ്ങനെ മാനവസമുദായത്തെ മുഴുവൻ ഏതെങ്കിലുമൊരു ദേശീയത്വത്തിന്റെ കീഴിൽ അമർത്തിനിർത്തുക എന്നത് ഈ അണുയുഗത്തിൽ അത്ഭുതകരമായി തോന്നുന്നു.

ഈ ഭൂമുഖത്തു നിലവിലുള്ള എല്ലാ രാഷ്ട്രങ്ങൾക്കുമുപരിയായി ഒരു ഐക്യരാഷ്ട്രസംഘടനയും അതിന്റേതായ പ്രാഭവത്തോടെ വർത്തിക്കുന്നുണ്ടല്ലോ. രാഷ്ട്രങ്ങൾ തമ്മിൽ സ്വാഭാവികമായുണ്ടാവുന്ന വഴക്കുകൾ പറഞ്ഞു തീർത്ത് അവസാനിപ്പിക്കുക എന്നതാണ് ഈ സംഘടനകൊണ്ട് ഉദ്ദേശിക്കുന്നത്. പക്ഷേ, ക്രിയാത്മകമായ യാതൊന്നും ആ സംഘടന നേടിയിട്ടില്ല. ഒരണ്വായുധക്കരാറിൽ ഒപ്പിടുവിക്കാൻ പോലും ഈ അഖില ലോക സൗഹാർദ്ദ പ്രസ്ഥാനത്തിനു സാധിച്ചിട്ടില്ല. അപ്പോൾ രാഷ്ട്രം എന്ന സങ്കുചിത സംഘടനകൊണ്ട് മാനവസമുദായത്തിന്റെ സർവ്വോതോന്മുഖമായ ശ്രേയസ്സിന് ഇത്തരം രാഷ്ട്രങ്ങളുടെ അസ്തിത്വം പ്രതിബന്ധമല്ലേ എന്നു തോന്നിപ്പോകുന്നു.

ഒരു സയന്റിസ്റ്റിന് സമുദായം, രാഷ്ട്രം, മതം എന്ന പരിധിയില്ല. പ്രപഞ്ചമാണ് അയാളുടെ സർഗ്ഗാത്മക പരിധി. ആ ശാസ്ത്രജ്ഞനിൽനിന്ന് ഉരുത്തിരിയുന്ന പുതിയ പുതിയ ജീവിതോപകരണങ്ങളാണ് മാനവസമുദായത്തിന്റെ ഭാവുകത്തിന് അവലംബം. ഈ ശാസ്ത്രതത്ത്വാന്വേഷണ പ്രകിയയ്ക്ക് ജനതയെ പാകപ്പെടുത്തുക എന്നതാണ് സാമൂഹ്യ സേവനത്താൽ സാധിക്കേണ്ടത്. അങ്ങനെ ദേശീയത്വത്തേയും അന്തർദ്ദേശീയത്വത്തേയും അതിലംഘിച്ച് ഉയർന്നുവരുന്ന മനുഷ്യാഭിലാഷങ്ങൾക്കു പ്രോത്സാഹനകരമാകണം അഭ്യസ്തവിദ്യരായ ആദർശശാലികളുടെ ചിന്താഗതി എന്നു ഞാനാഗ്രഹിക്കുന്നു. ഈ വിശ്വത്തിലുള്ള എല്ലാ ഇരുക്കാലികൾക്കും നാൽക്കാലികൾക്കും മംഗലമരുളാവുന്ന ഒരു നവോത്ഥാനം ഉൾക്കൊള്ളുന്ന ഒന്നാണ് എന്റെ രാഷ്ട്ര സങ്കല്പം. ഇന്നലത്തെ സങ്കല്പമാണ് ഇന്നത്തെ യാഥാർത്ഥ്യം. ഇന്നത്തെ സങ്കല്പം നാളത്തെ യാഥാർത്ഥ്യമായിത്തീരുമോ?

*(വി.ടിയുടെ സമ്പൂർണ്ണകൃതികൾ, ഡി.സി. ബുക്സ്)*